റിട്ടയർ ചെയ്തവർക്ക് പുനർനിയമനം

30 (3220) ശ്രീ. കെ. അച്ചുതൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റിട്ടയർ ചെയ്ത എത്ര പേരെ സംസ്ഥാന സർക്കാരിന്റെ വിവിധ തലങ്ങളിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇവർ ആരെല്ലാമാണെന്നും ഇവരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിയമിച്ചു എന്നും അറിയിക്കുമോ ;

(സി) പുനർ നിയമനം നൽകിയ ആർക്കെങ്കിലും നിയമന കാലാവധി നീട്ടി നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ-സി) വിവിധ വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

ഉപസംവരണ വ്യവസ്ഥ പുനഃസ്ഥാപിച്ചു നടപ്പാക്കുവാനുള്ള നടപടി

31 (3221) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ ഉദ്യോഗനിയമനങ്ങളിലെ ഉപസംവരണ വ്യവസ്ഥ പുനഃസ്ഥാപിച്ചു നടപ്പാക്കുവാനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ ;

(ബി) ഉപസംവരണം പനഃസ്ഥാപിക്കുന്നതിലൂടെ നൂറിൽപരം ആവാന്തര വിഭാഗങ്ങളിലായി അറിയപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളിലെ എല്ലാ ജനവിഭാഗങ്ങൾക്കും തങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വിവിധ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കിടയിൽ പുരോഗതിയിലുണ്ടാകുന്ന അസന്തുലിതാവസ്ഥയെപ്പറ്റിയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും വിശദമായ ഒരു വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിൽ 1991-ലെ കനെഷുമാരി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ സ്ഥിതി വിവര കണക്കുകൾ ആവശ്യമുണ്ട്. ഈ റിപ്പോർട്ട് സെൻസ്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കീത്താഡ്സിന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ആവശ്യമായ നപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly